പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 3149

15.12.2015 -ലെ മറുപടിയ്ക്ക്

## തൊഴിൽ വകുപ്പിലെ സ്പെഷ്യൽ റൂൾ ഭേദഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി | ശ്രീ. ഷിബു ബേബി ജോൺ (ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ആഫീസർ ഗ്രേഡ് -2 തസ്തിക നിയമനവുമായി ബന്ധപ്പെട്ട് 1991 -ലെ ലേബർ സബോർഡിനേറ്റ് സർവ്വീസ് റൂൾ പരിഷ്കരിക്കുന്നതിന് ഏതെങ്കിലും സർവ്വീസ് സംഘടനകളുടെയോ ജീവനക്കാരുടെ പ്രതിനിധികളുടെയോ അപേക്ഷ ലഭ്യമായിട്ടുണ്ടോ; | (എ) ഇല്ല. എന്നാൽ പി.എസ്.സി റാങ്ക് ഹോൾഡേഴ്സ് സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ചിട്ടുണ്ട്. |
| (ബി)1991 -ലെ ലേബർ സബോർഡിനേറ്റ് സർവ്വീസ് റൂൾ പരിഷ്കരണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പഠന റിപ്പോർട്ട് തൊഴിൽ വകുപ്പിൽ ലഭ്യമായിട്ടുണ്ടോ; | (ബി) ഇല്ല. എങ്കിലും ബന്ധപ്പെട്ട വിഭാഗങ്ങളുമായി ചർച്ചകൾ നടത്തിയും ഇക്കാര്യത്തിൽ തീരുമാനമെടുക്കാവുന്നതാണ്. |
| (സി) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലെ ഒ. എ. 663/15 നമ്പർ കേസിലെ വിധി പ്രകാരം തൊഴിൽ വകുപ്പിലെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യണമെന്ന് സർക്കാരിനോട് നിർദ്ദേശിച്ചിട്ടുണ്ടോ; | (സി) അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് -2 നിയമനവുമായി ബന്ധപ്പെട്ട് പി.എസ്.സി റാങ്ക് ഹോൾഡേഴ്സ് നൽകിയ ഹർജി തീർപ്പാക്കിക്കൊണ്ട് റാങ്ക് ഹോൾഡേഴ്സിന്റെ ആവശ്യം പരിഗണിക്കണമെന്നും നിയമാനുസൃതം ആവശ്യമായ ഉത്തരവുകൾ സർക്കാർ പുറപ്പെടുവിക്കണമെന്നും അവരെ യഥാവിധി കേൾക്കണമെന്നും ബഹു. ട്രൈബ്യൂണൽ വിധി പ്രസ്താവിച്ചിട്ടുണ്ട്. |
| (ഡി) അസിസ്റ്റന്റ് ലേബർ ഗ്രേഡ്-II തസ്തികയിലേയ്ക്കുള്ള നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള സ്പെഷ്യൽ റൂൾ ഇപ്പോൾ ഭേദഗതി ചെയ്യേണ്ടതില്ല എന്ന ലേബർ കമ്മീഷണറുടെ ശിപാർശ അവഗണിച്ച് ഭേദഗതി നടപടികളുമായി മുന്നോട്ട് പോകുന്നതിൽ ക്രമക്കേട് നടന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ഡി) ഇല്ല. |

Sreeded

സെക്ഷൻ ഓഫീസർ